

# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്



ബാഗും തൂക്കി സ്കൂളിലേക്കു നടന്നുപൊയ്ക്കൊണ്ടിരുന്ന രാമുവിനോട് വഴിയരികിൽ നിന്നിരുന്ന വൃദ്ധൻ ചോദിച്ചു: "കുഞ്ഞേ, നീ എവിടേക്കു പോകുന്നു?"

വിശാലമായ നെറ്റിയും ഇടതൂർന്ന താടിയും അയാളുടെ രൂപം പ്രൗഢമാക്കി.

"ഞാൻ സ്കൂളിലേക്കു പോകുന്നു അമ്മാവാ!" രാമു വൃദ്ധനെ അത്രയൊന്നും ശ്രദ്ധിക്കാതെ പറഞ്ഞു.

"ശരി, സ്കൂൾ വിട്ട് എങ്ങോട്ട് പോകും?" വൃദ്ധൻ വീണ്ടും ചോദിച്ചു. "വീട്ടിലേക്ക്! അല്ലാതെങ്ങോട്ട്?" രാമു നടന്നുകൊണ്ടുതന്നെ പറഞ്ഞു.

"വീട്ടിൽ നിന്ന് സ്കൂളിലേക്ക്, സ്കൂളിൽ നിന്ന് വീട്ടിലേക്ക്...കൊള്ളാം. ഒരു ദിവസം നിന്റെ പഠിത്തം തീരുമല്ലോ... പിന്നെ നീ എങ്ങോട്ടു പോകും?" വൃദ്ധൻ അവനോടൊപ്പം നടക്കാൻ തുടങ്ങി.

"അത്... എന്റെ പഠിത്തം കഴിഞ്ഞാൽ എനിക്കൊരു ജോലി കിട്ടില്ലേ അമ്മാവാ...അപ്പോൾ എനിക്ക് ദിവസവും ഓഫീസിൽ പോകണ്ടേ?" രാമു ഒരു നിമിഷം ചിന്തിച്ചിട്ടു പറഞ്ഞു.

"മിടുക്കൻ!" വൃദ്ധൻ അവനോടു ചേർന്നു

നടന്നു: "ഓഫീസ്, വിട്ട്, വീട്... പിന്നീടോ?" വൃദ്ധൻ വിടാൻ മട്ടില്ല.

"പിന്നീടെന്ത് അമ്മാവാ? കുറച്ചു കഴിയുമ്പോൾ ഞാൻ കല്യാണം കഴിക്കും... പിന്നെ കുഞ്ഞുങ്ങൾ...അവരെ പഠിപ്പിക്കണം... ങ്ഹാ! പിന്നെ അവരും വിവാഹം കഴിക്കും; കുഞ്ഞുങ്ങൾ ഉണ്ടാകും.." രാമു വൃദ്ധന്റെ മുഖത്തേക്കു നോക്കി.

അവന് വൃദ്ധന്റെ ചോദ്യം ചെയ്യലിൽ രസം പിടിച്ചു.

"ശരി ശരി!" വൃദ്ധൻ അവനെ നോക്കി പുഞ്ചിരിച്ചു... "അങ്ങനെയങ്ങനെ ഒരു ദിവസം നീ ജോലിയിൽനിന്നു വിരമിക്കും, അല്ലെ? കൊള്ളാം! പിന്നെ നീ എന്തു ചെയ്യും?"

"പിന്നെ... പിന്നെ... എന്നെങ്കിലുമൊരിക്കൽ ഞാൻ മരിക്കും അമ്മാവാ." രാമുവിന് മരണത്തെപ്പറ്റി ഓർക്കാൻ അത്രയൊന്നും ഇഷ്ടമില്ലായിരുന്നു. എന്നാലും അതൊരു യാഥാർത്ഥ്യമാണല്ലോ...

"ശരിയാണു കുഞ്ഞേ. ഒരു ദിവസം നമ്മളെല്ലാം മരിക്കണം... നീ മരിക്കുമ്പോൾ നിന്റെ കുഞ്ഞുങ്ങൾ വിലാപത്തോടെ നിന്നെ ഒരു കുഴിമാടത്തിൽ അടക്കം ചെയ്യും... ഒന്നുകൂടെ ചോദിച്ചോട്ടെ... അവിടെ നിന്ന് നീ എവിടേക്കു പോകും?

രാമുവിന് ഒരു ഉത്തരം കിട്ടിയില്ല. കുഴിമാടത്തിൽ നിന്ന് പിന്നെ എങ്ങോട്ട്?

സഹസ്രാബ്ദങ്ങൾക്കു മുൻപ് ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നു... സോക്രട്ടീസ്! നിത്യതയെക്കുറിച്ചു ചിന്തിക്കാൻ തന്റേതായ നിലയിൽ ജനങ്ങളെ പ്രേരിപ്പിച്ച തത്വജ്ഞാനി!

ജീവിതം ഒരു യാത്രയാണ്. ഒന്നിൽനിന്നു മറ്റൊന്നിലേക്കുള്ള പ്രയാണം. എല്ലാവർക്കും തിരക്കാണ്! എന്നാൽ ആരും എങ്ങും എത്തുന്നില്ല. ദൃശ്യമായതെല്ലാം കുഴിമാടത്തിൽ അവസാനിക്കുന്നു. അതിനുമപ്പുറത്തെന്ത് എന്ന ചോദ്യത്തിന് ശാസ്ത്രം മൗനം പാലിക്കുന്നു. ചരിത്രം അതിനപ്പുറമുള്ളതൊന്നും കുറിച്ചു വെച്ചിട്ടില്ല!

എല്ലാത്തിന്റെയും ഒടുക്കം ശവക്കുഴിയാണോ? ഒരിക്കലുമല്ല! അതിനപ്പുറത്തൊരു ലോകമുണ്ട്. അദൃശ്യമായ ലോകം! അവിടെ നമുക്കൊരു ജീവിതമുണ്ട്; അവിടെ നമ്മെയൊക്കെ നേരിൽ കാണുവാൻ ഒരു ദൈവം കാത്തിരിപ്പുണ്ട്. നമ്മുടെ ദൃശ്യ ജീവിതത്തിന്റെ കണക്കു പുസ്തകം അവിടുത്തെ കൈകളിലുണ്ട്.

മരണത്തിനപ്പുറത്തുള്ള ആ അദൃശ്യലോകത്ത് ദൈവത്തോടു മുഖാമുഖം ഭൂമിയിലെ നമ്മുടെ ദൃശ്യജീവിതത്തിലെ നന്മ തിന്മകളുടെ കണക്കുകൾ വിശദീകരിക്കേണ്ടിവരുമ്പോൾ, അവിടുത്തെ സന്നിധിയിൽ നമുക്കു നില്ക്കാൻ കഴിയുമോ?

എങ്ങനെ കഴിയും? ദൈവം എത്രയോ പരിശുദ്ധൻ, നീതിമാൻ! നമ്മുടെ പാപ പ്രവൃത്തികളും ദുഷ്ടമനസ്സുകളുമായി എങ്ങനെ നമുക്ക് ദൈവത്തിന്റെ മുന്നിൽ നിൽക്കാനാവും? സ്വാഭാവികമായും അസാധ്യം! അതിനു കഴിയണമെങ്കിൽ നാം നമ്മുടെ പാപങ്ങളിൽ നിന്ന് വിമോചിതരാവണം.

വാസ്തവത്തിൽ അതിനാണ് യേശു ഭൂമിയിലേക്കു വന്നത്! യേശു നമ്മെ അവിടുത്തെ സ്നേഹിതരാക്കാൻ ആഗ്രഹിക്കുന്നു. എന്നാലതിന് നാം നമ്മുടെ പാപത്തിൽ നിന്നു വിടുതൽ പ്രാപിക്കണം. യേശു നമ്മുടെ പാപങ്ങളുടെ ശിക്ഷയേറ്റുകൊണ്ട് നമുക്കു പകരം കാൽവറിക്രൂശിൽ മരിച്ചു; നമ്മെ പാപമോചിതരാക്കിക്കൊണ്ട് അവിടുന്ന് നമ്മെ അവിടുത്തെ സ്നേഹിതരാക്കാൻ ആഗ്രഹിക്കുന്നു!

നിങ്ങൾ നിങ്ങളുടെ പാപങ്ങൾ ഉപേക്ഷിച്ച് യേശുവിന്റെ സ്നേഹിതനാകുന്നുവെങ്കിൽ ആ സൗഹൃദം ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലേക്കും നീളും. അപ്പോൾ പിന്നെ മരണത്തിനപ്പുറത്തേക്കുള്ള പ്രയാണത്തിന് നമുക്ക് അവ്യക്തതയോ ആശങ്കയോ ആവശ്യമില്ല. കാരണം, ഈ ഭൂമിയിൽ നിങ്ങൾ യേശുവിന്റെ സ്നേഹിതനാണെങ്കിൽ നിത്യതയിലും നിങ്ങൾ അവിടുത്തോടുള്ള സൗഹൃദത്തിൽത്തന്നെയായിരിക്കും!

യേശുവിന്റെ സൗഹൃദത്തിലേക്ക് കടന്നുവരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അവിടുന്ന് നിങ്ങളുടെ പാപം മോചിച്ച് നിങ്ങളെ മരണത്തിനപ്പുറത്തുള്ള നിത്യതയ്ക്കായി ഒരുക്കും. നിങ്ങളുടെ കൈ പിടിച്ച് നിങ്ങളെ ശോഭനമായ ഒരു ഭാവിയിലേക്ക്, ദൈവവുമായുള്ള നിരന്തര സംസർഗ്ഗത്തിന്റെ സന്തോഷ സമൃദ്ധിയിലേക്ക് കൊണ്ടുപോകും. മരണത്തിനപ്പുറത്തേക്കു നീളുന്ന ആ സൗഹൃദത്തിനായി ഇപ്പോൾത്തന്നെ യേശുവിനോട് അപേക്ഷിക്കുക...

*യേശുവേ, എന്റെ പാപങ്ങളെ എന്നോടു ക്ഷമിച്ച് എന്നെ അവിടുത്തെ സ്നേഹിതനാക്കണമെ. ഈ ലോകത്തിലും വരും ലോകത്തിലും അങ്ങയുമായുള്ള നിരന്തര സംസർഗ്ഗത്തിന് എന്നെ യോഗ്യനാക്കണമെ, ആമേൻ...*

യേശുവിന്റെ സ്നേഹത്തിൽ നിങ്ങളുടെ,

Saju John Mathew
www.sjmathew.com

ഈ വിഷയത്തെപ്പറ്റി കൂടുതൽ അറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടായിരിക്കുമല്ലോ. ഞങ്ങളെ വിളിക്കാൻ മടിക്കേണ്ട. യേശുവിൽ ജീവിക്കുന്നതിനും ആത്മീയ വളർച്ച പ്രാപിക്കുന്നതിനും നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്കു സന്തോഷമേയുള്ളൂ. വിളിക്കൂ...

+91 94471 54450
E-mail: jesusmission@gmail.com

Sanctuary Word Media
26/150, Avee's Building
Edappally Toll Jn., Cochin
Kerala, India